**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

2024-ലെ മദേഴ്സ് ഫോറം ദിനത്തോടനുബന്ധിച്ച്,
കുടുംബങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ
പുറപ്പെടുവിക്കുന്ന സർക്കുലർ

## മദേഴ്സ് ഫോറം ദിനാചരണം (ആഗസ്റ്റ് 25, 2024)

**വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,**

'അമ്മ' എന്ന പുണ്യ നാമം കൃപയുടെയും വിശുദ്ധിയുടെയും സാധ്യതയാണെന്ന് സ്വജീവിതം കൊണ്ട് ലോകത്തെ അറിയിച്ച വിശുദ്ധ മോനിക്ക പുണ്യവതിയുടെ തിരുനാൾ ആഗസ്റ്റ് 28-ന് തിരുസഭ ആഘോഷിക്കുന്നു. ഈ വിശുദ്ധയെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായി സ്വീകരിച്ചിരിക്കുന്ന മലങ്കര കാത്തലിക് മദേഴ്സ് ഫോറം (MCMF), ഈ തിരുനാൾ MCMF ദിനമായി കൊണ്ടാടുന്നു. സഭാതലത്തിൽ തുടങ്ങി യൂണിറ്റ് തലങ്ങളിൽവരെ ഈ പ്രേഷിത ശുശ്രൂഷയിൽ ഭാഗഭാക്കാകുന്ന എല്ലാ പ്രിയപ്പെട്ട അമ്മമാർക്കും, അവർക്ക് നേതൃത്വം നൽകുന്ന വന്ദ്യ വൈദികർക്കും സിസ്റ്റേഴ്സിനും ഈ ദിനത്തിന്റെ പ്രാർത്ഥനകളും, ആശംസകളും ഹൃദയപൂർവ്വം നേരുന്നു.

ആഗസ്റ്റ് 25 ഞായറാഴ്ച നമ്മുടെ സഭയിലെ എല്ലാ ഇടവക കളിലും വൈദിക ജില്ലകളിലും രൂപതകളിലും എം.സി.എം.എഫ് ദിനമായി ആചരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. നമ്മുടെ പ്രിയപ്പെട്ട അമ്മമാരെ ഓർമ്മിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും അവരെ സമുചിതമായി ആദരിക്കുന്നതിനും മാതൃദിനത്തിൽ യുക്തമായ കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും വേണം.

ഇത്തരുണത്തിൽ, വയനാട്ടിലെ മുണ്ടക്കൈയിൽ സംഭവിച്ച അതിദാരുണമായ പ്രകൃതി ദുരന്തത്തിൽപ്പെട്ട എല്ലാ ദൈവമക്കളെയും നമ്മുടെ പ്രാർത്ഥനയിൽ പ്രത്യേകം ഓർക്കാം. മരണപ്പെട്ടവരെയും എല്ലാം നഷ്ടപ്പെട്ട

വരെയും കർത്തൃ സന്നിധിയിൽ സമർപ്പിക്കാം. "തിന്മപ്പെട്ട നാഴികയിൽ നിന്നും, ഉപദ്രവകരമായ എല്ലാ ശക്തികളിൽ നിന്നും കർത്താവേ ഞങ്ങളെ രക്ഷിക്കണമേ" എന്നുള്ള സന്ധ്യാനമസ്കാരത്തിലെ പ്രാർത്ഥന, ദൈവ സന്നിധിയിൽ കൂടുതൽ ശക്തമായി നമുക്ക് ഉയർത്താം.

2024 പുതുവർഷപ്പുലരിയിൽ ലോകത്തെ അഭിസംബോധന ചെയ്ത് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഇപ്രകാരം പറഞ്ഞു: "അസമാധാനത്തിന്റെ മാറ്റൊലി നിലനിൽക്കുന്ന ഈ കാലഘട്ടം; 'മനുഷ്യ കുടുംബത്തെ' ഐക്യ ത്തിൽ പടുത്തുയർത്താൻ കഴിയുന്ന ഒരു അമ്മയെ നമുക്ക് ആവശ്യമുണ്ട്. പരിശുദ്ധ മറിയത്തെ ഒന്നു നോക്കുക. അവൾ മനുഷ്യകുലത്തെ ഒന്നിപ്പി ക്കുകയും, ആശ്വസിപ്പിക്കുകയും, ചെയ്യുന്നവളാണ്. അവൾ മനുഷ്യരുടെ ജീവിതപ്രശ്നങ്ങളെ ശ്രവിക്കുവാൻ കഴിയുന്നവളും, കണ്ണുനീരൊപ്പുന്നവ ളുമാണ്". ഓരോ അമ്മയും എന്തായിരിക്കണം, എങ്ങനെയായിരിക്കണം എന്നതിന്റെ വെളിപാടാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയിലൂടെ ലോകം ശ്രവിച്ചത്. പരിശുദ്ധ അമ്മ ലോകത്തിന്റെ മുമ്പിൽ എങ്ങനെ വർത്തി ക്കുന്നുവോ, അങ്ങനെ തന്നെ ഓരോ അമ്മയും ഓരോ കുടുംബത്തിലും ജീവിത സാക്ഷ്യം ആകണം എന്നുള്ള ഒരു ഓർമ്മപ്പെടുത്തൽ അതിലുണ്ട്. രണ്ടാം ക്രിസ്തുവെന്ന് അറിയപ്പെടുന്ന വിശുദ്ധ ഫ്രാൻസിസ് അസീസി തന്റെ സമാധാന പ്രാർത്ഥനയിൽ 'എന്നെ സമാധാനത്തിന്റെ ഉപകരണ മാക്കണമേ' എന്ന് പ്രാർത്ഥിച്ചതുപോലെ തങ്ങളെ സമാധാനത്തിന്റെയും ഐക്യത്തിന്റെയും ദൈവീക ഉപകരണമാക്കണമേ എന്ന് അമ്മമാർ കരമുയർത്തി പ്രാർത്ഥിക്കണം. ഒന്നിപ്പിക്കാനും ആശ്വസിപ്പിക്കുവാനും ശ്രവിക്കുവാനും, കണ്ണീരൊപ്പുവാനും അമ്മമാർക്ക് ലഭിച്ചിട്ടുള്ള വരങ്ങൾ അമ്മമാർ കുടുംബത്തിനകത്തും പുറത്തും പ്രകടമാക്കണം. കുടുംബത്തിൽ മാത്രമല്ല, ഇടവകയെയും സമൂഹത്തെയും ഐക്യത്തിലും സമാധാന ത്തിലും നില നിർത്തുവാൻ അമ്മമാർക്ക് സാധിക്കണം. മദേഴ്സ് ഫോറം അങ്ങനെ സഭയുടെ ഒരു "അമ്മ മുഖമായി" പ്രശോഭിക്കട്ടെ! ഐക്യത്തിന്റെ പ്രവാചകനായ ധന്യൻ മാർ ഈവാനിയോസ് പിതാവ് നമുക്ക് തന്ന ഐക്യത്തിന്റെയും സമാധാനത്തിന്റെയും പാതയിലൂടെ നമുക്ക് ജീവിത യാത്ര തുടരാം.

പുനരൈക്യ ശതാബ്ദി ആഘോഷങ്ങളെ മുന്നിൽ കണ്ടുകൊണ്ട് സഭ ഒന്നായി ആത്മീയമായി ഒരുങ്ങുന്നതിന്റെ ഭാഗമായി 2024 സെപ്റ്റംബർ 20 മുതൽ ഒരു വർഷം വചന വർഷമായി ആചരിക്കുകയാണ്. ഈ കാല യളവിൽ 'മാംസമായി ഭൂമിയിൽ അവതരിച്ച' (യോഹ 1:14) വചനത്തെ

മുറുകെപ്പിടിച്ച് ആത്മീയ ശക്തി നേടാൻ സഭാമക്കൾ, വിശിഷ്യാ അമ്മമാർ പരിശ്രമിക്കണം. വചനം തന്നെയായ യേശുനാഥനോടുള്ള ആത്മീയ ബന്ധത്തിലും അവിടുത്തെ തിരുവചനമായ വിശുദ്ധ വേദഗ്രന്ഥത്തിലും ആഴപ്പെടുവാൻ സഭ ഒരുങ്ങുന്ന ഈ കാലഘട്ടം നാം ജാഗ്രതയോടെ പ്രയോജനപ്പെടുത്തണം. സഭാതലത്തിലും ഭദ്രാസനതലത്തിലും സംഘടിപ്പിക്കപ്പെടുന്ന വചനവർഷത്തിന്റെ എല്ലാ കർമ്മ പരിപാടികളിലും ഉണർന്ന് പ്രവർത്തിക്കുവാൻ മദേർഴ്സ് ഫോറത്തിന്റെ എല്ലാ അംഗങ്ങളും സന്മനസ്സോടെ തയ്യാറാകണം. 'വചനം' രക്ഷയിലേക്കുള്ള വാതിലാണ്. ജീവന്റെയും സമൃദ്ധിയുടെയും നീർച്ചാലാണ്. വചനവായനയും, ധ്യാനവും, പഠനവും, വചനം ചേർത്തുവച്ചുള്ള പ്രാർത്ഥനയും വ്യക്തിജീവിതങ്ങളിലും കുടുംബതലളിലും അമ്മമാർ ഉറപ്പാക്കണം. അങ്ങനെ, വചനത്തിൽ വേരുറപ്പിക്കപ്പെട്ട കുടുംബങ്ങളും സമൂഹവും രൂപപ്പെടട്ടെ! സങ്കീർത്തകനോടൊപ്പം നമുക്കും പാടി പ്രാർത്ഥിക്കാം: "കർത്താവേ! അങ്ങയുടെ വാക്കുകൾ എനിക്ക് എത്ര മധുരമാണ്. അവ എന്റെ നാവിന് തേനിനേക്കാൾ മധുരമാണ്" (സങ്കീ 119:103).

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യ ശതാബ്ദിക്കായി പ്രത്യേകം ഒരുങ്ങുന്നതിന്റെ ഭാഗമായി സഭാതല MCMF ഭാരവാഹികൾ വരും നാളുകളിൽ എല്ലാ ഭദ്രാസനങ്ങളും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതാണ്. പാറശ്ശാല ഭദ്രാസനത്തിലെ സന്ദർശനം ഇതിനോടകം പൂർത്തിയായി. നടപ്പുവർഷം തന്നെ തിരുവല്ല അതിഭദ്രാസനവും ബത്തേരി ഭദ്രാസനവും സന്ദർശിക്കുന്നതാണ്. ഇടവക യൂണിറ്റുകളും ജില്ലാ-ഭദ്രാസന തലങ്ങളും ശക്തിപ്പെടുത്തുകയാണ് ഈ സന്ദർശനത്തിന്റെ പ്രത്യേക ലക്ഷ്യം.

ഈ വർഷം പുനരൈക്യസഭാ സംഗമത്തിന് വേദിയാകുന്ന പാറശ്ശാല ഭദ്രാസനത്തിലെ കാരുണ്യ പ്രവർത്തനങ്ങൾക്ക് എം.സി.എം.എഫ്-ന്റെ ഉദാരമായ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലെയും അമ്മമാർ ഇക്കാര്യത്തിൽ ഹൃദയപൂർവ്വം സഹകരിക്കണം. പ്രാർത്ഥന, സാന്നിധ്യം, ഉദാരമായ സംഭാവന ഇവകളിലൂടെ നമുക്കും സഭാ സംഗമത്തിൽ പങ്കുചേരാം.

ആഗസ്റ്റ് 28-ന് പ്രഥമ സഭാതല MCMF ദിനാഘോഷവും സംഗമവും 'ജനനി 2024' എന്ന പേരിൽ തിരുവല്ല അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ, ശാന്തിനിലയത്തിൽവെച്ച് നടത്തപ്പെടുകയാണ്. ഭദ്രാസന മദേർഴ്സ്

ഫോറത്തിന്റെ എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളെയും ഡയറക്ടർ അച്ചൻമാരെയും ആനിമേറ്റർമാരെയും അവിടെ നടക്കുന്ന പരിപാടികളിലേക്ക് ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. എല്ലാവർക്കും മാതൃദിനത്തിന്റെ സകലവിധ നന്മകളും ആശംസിക്കുന്നു!

ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

എന്ന്,

കർത്താവിൽ സ്നേഹപൂർവം,

+ Mar Theodosius.

**✠ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലിത്താ**
കുടുംബങ്ങൾക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ

06.08.2024
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

N.B. ഈ സർക്കുലർ വരുന്ന ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കുകയും ഉള്ളടക്കം വിശ്വാസികളെ അറിയിക്കുകയും ചെയ്യേണ്ടതാണ്.